ഉത്തരം

(എ) സംസ്ഥാനത്തെ വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും, പരിയാരം സഹകരണ മെഡിക്കൽ കോളേജ്, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നിവിടങ്ങളിലും കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം ചികിത്സ ലഭ്യമാണ്. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ 27 ജില്ല/താലൂക്ക് ആശുപത്രികളിൽ കൂടി സംസ്ഥാന ആരോഗ്യവകുപ്പ് ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പദ്ധതിപ്രകാരം അക്രഡിറ്റേഷൻ നടത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ഡയാലിസിസ് സെന്ററുകൾ, 27 ജില്ല/താലൂക്ക് ആശുപത്രി എന്നിവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) 14 ജില്ലകളിൽ നിന്നും ലഭിക്കുന്ന ആയിരക്കണക്കിന് അപേക്ഷകൾ യഥാസമയം പ്രോസസ് ചെയ്ത് പരിശോധിക്കുന്നതിന് മതിയായ സ്ഥിരം ജീവനക്കാർ ഇല്ലാതിരുന്നതുകൊണ്ടാണ് ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. എന്നാൽ ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽ നിന്നും ഇതിനായി പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർ ആവശ്യപ്പെടുന്ന മുറയ്ക്ക് കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളുടെ അറ്റാദായത്തിൽ നിന്നും ചികിത്സാപദ്ധതിക്ക് തുക കൈമാറിയിട്ടുണ്ട്.

കാരുണ്യ ബെനവലന്റ് സ്കീമിൽ കൊട്ടാരക്കര താലൂക്കിൽ നൽകിയ ചികിത്സാസഹായം

88 (3193) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് സ്കീമിൽപ്പെടുത്തി കൊല്ലം ജില്ലയിൽ ആകെ നൽകിയ ചികിത്സാസഹായം എത്രയാണെന്ന് വെളിപ്പെടുത്താമോ;

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊട്ടാരക്കര താലൂക്കിൽ പ്രസ്തുത സ്കീമിൽപ്പെടുത്തി എത്ര രോഗികൾക്ക് സഹായം അനുവദിക്കുകയും തുക വിതരണം ചെയ്യുകയും ചെയ്തു; എത്ര തുകയാണ് ആകെ നൽകിയത്;

(സി) പ്രസ്തുത താലൂക്കിൽപ്പെട്ട എത്ര അപേക്ഷകൾ നടപടിയാകാതെയും സഹായം അനുവദിക്കാതെയും കിടപ്പുണ്ടെന്നും അനുവദിച്ചതിൽ എത്ര പേർക്ക് തുക വിതരണം ചെയ്യാനുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ 29-11-2015 വരെ 80.91 കോടി രൂപ ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി & സി) താലൂക്കടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമല്ല.

കാരുണ്യ ബെനവലന്റ് ഫണ്ട്

89 (3194) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ബെനവലന്റ് ഫണ്ട് വഴി എത്ര രോഗികൾക്ക് ചികിത്സ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിവഴി 29-11-2015 വരെ 115758 രോഗികൾക്ക് ചികിത്സ നൽകിയിട്ടുണ്ട്.

കാരുണ്യാ ചികിത്സാ പദ്ധതിപ്രകാരം അനുവദിച്ച തുക കിട്ടാത്തത് സംബന്ധിച്ച്

90 (3195) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യാ ചികിത്സാ പദ്ധതി പ്രകാരം അപേക്ഷ നൽകിയിരുന്ന ശ്രീ. ടോം ജോർജ്, കോലത്തുംകുന്നേൽ, പൊന്നൂർകര, തൃശ്ശൂർ എന്ന വ്യക്തിക്ക് കാരുണ്യാ ചികിൽസാ പദ്ധതിപ്രകാരം തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക അനുവദിക്കുന്നതിനുണ്ടായ

LIBRARY ARCHIVES Kerala Legislative Assembly